# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ഏപ്രിൽ 29<br>April 29 | 2019 |

*1193 മേടം 15 തിങ്കൾ*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### സിവിൽ സർവീസ് പരീക്ഷാപരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ പൊന്നാനി കേന്ദ്രത്തിൽ യു.പി.എസ്.സി 2020 ൽ നടത്തുന്ന സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. www.ccek.org ൽ ഏപ്രിൽ 25 മുതൽ മെയ് 24 വരെ ഓൺലൈനായി അപേക്ഷിക്കാം. പ്രവേശനപരീക്ഷ മെയ് 26 ന് സിവിൽ സർവീസ് അക്കാഡമിയുടെ, പൊന്നാനി ഈശ്വരമംഗലത്തുള്ള കേന്ദ്രത്തിൽ നടക്കും. ജൂൺ 17 ന് ക്ലാസുകൾ ആരംഭിക്കും. പാലോളി കമ്മറ്റി റിപ്പോർട്ടിന്റെ ശുപാർശപ്രകാരം സ്ഥാപിതമായ കേന്ദ്രത്തിലെ 50 ശതമാനം സീറ്റുകൾ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾക്കും 10 ശതമാനം സീറ്റുകൾ ടഇ/ടഠ എസ്.സി/എസ്.റ്റി വിഭാഗക്കാർക്കുമായി സംവരണംചെയ്തിട്ടുണ്ട്. ഇവർക്ക് ട്യൂഷൻഫീസ് സൗജന്യമാണ്. ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. ഫോൺ: 0494 2665489, 9287555500. (പിഎൻപി 1047/19)

### തയ്യൽ പരിശീലനം

പത്തനംതിട്ട എസ്.ബി.ഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിൽ ആരംഭിക്കുന്ന സൗജന്യ തയ്യൽ പരിശീലനത്തിന് 18നും 45നും മധ്യേ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ മെയ് ഒന്നിന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ പരിശീലന കേന്ദ്രത്തിൽ നടക്കുന്ന മുഖാമുഖത്തിന് പങ്കെടുക്കണം. റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കണം. ഫോൺ: 0468 2270244, 2270243. (പിഎൻപി 1048/19)

## സൗജന്യ മത്സരപരീക്ഷാ പരിശീലനം

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സൗജന്യ മത്സരപരീക്ഷാ പരിശീലനം നൽകും. പി.എസ്.സി നടത്തുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയ്ക്ക് തയാറെടുക്കുന്ന ഉദ്യോഗാർഥികൾക്കായി മെയ് ആറിന് രാവിലെ 10ന് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പരിശീലനം ആരംഭിക്കും. 30 ദിവസമാണ് പരിശീലനം നൽകുക. താത്പര്യമുള്ളവർ അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നേരിട്ട് ഹാജരായി രജിസ്റ്റർ ചെയ്യണം. ഫോൺ: 8848906323, 8281323707.

(പിഎൻപി 1049/19)

## ഡ്രൈവിംഗ് പരിശീലനം

ഐഎംസിയുടെ ആഭിമുഖ്യത്തിൽ ചെന്നീർക്കര ഗവൺമെന്റ് ഐടിഐയിൽ തുടങ്ങിയ ഡ്രൈവിംഗ് പരിശീലനത്തിന് അപേക്ഷിക്കാം. ഫോൺ: 0468 2258710, 9745424281.

(പിഎൻപി 1050/19)

## ജില്ലയെ കുഷ്ഠരോഗ വിമുക്തമാക്കാൻ സഹകരിക്കണം – ജില്ലാ കളക്ടർ

ജില്ലയെ കുഷ്ഠരോഗ വിമുക്തമാക്കാൻ എല്ലാവരും സഹകരിക്കണമെന്ന് ജില്ലാ കളക്ടർ പി.ബി.നൂഹ് പറഞ്ഞു. കുഷ്ഠരോഗ നിർണയ ഭവനസന്ദർശന പരിപാടിയായ അശ്വമേധത്തിന്റെ ജില്ലാതല ഉദ്ഘാടനം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ ഷീജ അധ്യക്ഷയായിരുന്നു. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബിസുഷൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ലെപ്രസി ഓഫീസർ ഡോ.നിരൺ ബാബു, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർമാരായ ഡോ.സി.എസ്.നന്ദിനി, ഡോ.പി.എൻ.പത്മകുമാരി, ആർദ്രം നോഡൽ ഓഫീസർ ഡോ. ശ്രീരാജ്, ടെക്നിക്കൽ അസിസ്റ്റന്റുമാരായ എം.ആർ.അനിൽകുമാർ, സി.ജി.ശശിധരൻ, മാസ് മീഡിയ ഓഫീസർ റ്റി.കെ.അശോക് കുമാർ, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.സാജൻ മാത്യൂസ് തുടങ്ങിയവർ സംസാരിച്ചു.

പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ വീടുവീടാന്തരം കയറി ഓരോ അംഗങ്ങളുടെയും ദേഹപരിശോധന നടത്തി കുഷ്ഠരോഗ ലക്ഷണങ്ങൾ കണ്ടെത്തുന്ന വിപുലമായ പരിപാടിയാണ് അശ്വമേധം. ശരീരത്ത് സംശയകരമായ പാടോ മറ്റ് ലക്ഷണങ്ങളോ കണ്ടാൽ തുടർ പരിശോധനയ്ക്ക് വിധേയമാക്കും. രോഗം സ്ഥിരീകരിച്ചാൽ സൗജന്യ ചികിത്സ ലഭ്യമാക്കും.

(പിഎൻപി 1051/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കുഷ്ഠരോഗ നിർണയ ഭവനസന്ദർശന പരിപാടിയായ അശ്വമേധത്തിന്റെ ജില്ലാതല ഉദ്ഘാടനം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് നിർവഹിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 29<br>April 29 | 2019 |
|---|---|

***1193 മേടം 15 തിങ്കൾ***

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**അവധിക്കാല പ്രൈമറി അധ്യാപക ശിൽപശാല:**
**ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു**

എൽ.പി, യു.പി തലങ്ങളിലെ അധ്യാപകർക്കായി പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിൽ നടക്കുന്ന ൽപശാലയിലേക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ക്രമീകരണം പൂർത്തിയായി. ഉപജില്ല/ബി.ആർ.സി തലങ്ങളിലാണ് രജിസ്ട്രേഷൻ നടത്തേണ്ടത്. ഒരു ബി.ആർ.സിയുടെ പരിധിയിൽ വരുന്ന അധ്യാപകർക്ക് മറ്റൊരു ബി.ആർ.സിയിൽ രജിസ്റ്റർ ചെയ്യാൻ സാധ്യമല്ല. മറ്റ് ജില്ലകളിൽനിന്നുള്ള അധ്യാപകർക്ക് പത്തനംതിട്ട ജില്ലയിൽ നടക്കുന്ന ശില്പശാലയിൽ പങ്കെടുക്കാമെങ്കിലും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യമല്ല. സ്കൂൾ പ്രഥമാധ്യാപകന്റെ വിടുതൽ സർട്ടിഫിക്കറ്റുമായി ഇവർ എ.ഇ.ഒ/ബി.പി.ഒയെ നേരിട്ടു ബന്ധപ്പെടണം. മെയ് ഏഴ് മുതൽ 10 വരെയും 13 മുതൽ 16 വരെയുമുള്ള രണ്ട് ഘട്ടങ്ങളിലായാണ് സമഗ്രശിക്ഷ കേരളയുടെ നേതൃത്വത്തിൽ പ്രൈമറി അധ്യാപക ശില്പശാല ജില്ലയിൽ നടക്കുന്നത്.

കൈറ്റിന്റെ വെബ്സൈറ്റിൽ (www.kite.kerala.gov.in) Service എന്ന മെനുവിൽ Training Management Sysetm 2019 ൽ സമ്പൂർണ്ണം ലോഗിൻ ഉപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ അതത് സ്കൂൾ പ്രഥമാധ്യാപകർ മെയ് മൂന്നിന് മുമ്പ് ഉൾപ്പെടുത്തണമെന്ന് എസ്എസ്എ ജില്ലാ പ്രോജക്ട് ഓഫീസർ അറിയിച്ചു. (പിഎൻപി 1052/19)

**അപകടകരമായ വൃക്ഷങ്ങള്‍ മുറിച്ചുമാറ്റണം**

ഓമല്ലൂര്‍ ഗ്രാമപഞ്ചായത്ത് പരിധിയില്‍ ജീവനും സ്വത്തിനും ഭീഷണിയായി വാസഗൃഹങ്ങള്‍, സ്കൂളുകള്‍, സര്‍ക്കാര്‍ ഓഫീസുകള്‍, മറ്റ് സ്ഥാപനങ്ങള്‍ എന്നിവയ്ക്ക് സമീപം നില്‍ക്കുന്ന വൃക്ഷങ്ങള്‍ ഉടമസ്ഥര്‍ അടിയന്തിരമായി മുറിച്ച് മാറ്റുകയോ കെട്ടി ഉറപ്പിക്കുകയോ ചെയ്യണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

(പിഎന്‍പി 1053/19)






**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**